## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1759            14.07.2016- ലെ മറുപടിക്ക്

### <u>വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നത് സംബന്ധിച്ച്</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**" മോൻസ് ജോസഫ്**<br>**" സി.എഫ്. തോമസ്**<br>**ഡോ. എൻ. ജയരാജ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലൂടെയും ജില്ലാ ബാങ്കുകളിലൂടെയും പ്രൈമറി സൊസൈറ്റികളിലൂടെയും വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നിലവിൽ വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നുണ്ട്. |
| ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദങ്ങൾ, പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്റിനറി, നിയമം, ദന്തൽ, ബിസിനസ് മാനേജ്മെന്റ്, നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/ സർക്കാർ അംഗീകൃത കൗൺസിലുകൾ/ എ.ഐ.സി.റ്റി.ഇ തുടങ്ങിയവ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സർക്കാർ/ സർക്കാർ അംഗീകൃത കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. എന്നാൽ നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യൻ ബാങ്ക്സ് |

........2

അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പക്ക് പലിശ സബ്സിഡി അനുവദിക്കുന്ന 01.04.2009 ൽ നിലവിൽ വന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീമിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് സഹകരണ ബാങ്കുകൾ ഉൾപ്പെടാത്തത് സഹകരണ ബാങ്കുകൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പയെ പ്രതികൂലമായി ബാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**